(7) മലപ്പുറം ജില്ലയിലെ മുഹമ്മദ് സിദ്ദിഖിനെ പോലീസ് മർദ്ദിച്ചതു സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ മണ്ഡലത്തിൽപ്പെട്ട കൊഡൂർ പഞ്ചായത്തിലെ മങ്കരത്തൊടി മുഹമ്മദ് സിദ്ദിഖിനെ പോലീസ് അന്യായമായി അറസ്റ്റ് ചെയ്യുകയും നിയമപ്രകാരം കല്യാണം കഴിച്ച തന്റെ ഭാര്യയെ മൊഴി ചൊല്ലണമെന്നും വെള്ളക്കടലാസിൽ ഒപ്പിട്ടു കൊടുക്കണമെന്നും ആവശ്യപ്പെട്ട് രണ്ടുദിവസം ലോക്കപ്പിലിട്ട് ക്രൂരമായി മർദ്ദിക്കുകയും ചെയ്തതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെടുകയും വിധിന്യായത്തിൽ പോലീസിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ച സംഭവിച്ചതായും സുപ്രീം കോടതി വിധി ലംഘിച്ചതായും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മാത്രമല്ല, മലപ്പുറം ജില്ലാ ജഡ്ജിയോട് അറസ്റ്റും മർദ്ദനവും മറ്റു കാര്യങ്ങളും അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കുറ്റക്കാരായ ഈ പോലീസ് ഉദ്യോഗസ്ഥർ സർവ്വീസിലിരിക്കെ ഒരു അന്വേഷണം നടത്തിയാൽ സിദ്ദിഖിന് നീതി ലഭിക്കില്ല എന്നുള്ളത് എല്ലാവർക്കും അറിയാവുന്നതുകൊണ്ട് ഇവരെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, Man missing-ന് മലപ്പുറം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ കാണാതായ ഫെമിനയെ അബൂബക്കർ ഹാജിയുടെ മകൻ മുഹമ്മദ് സിദ്ദിഖ് കൂട്ടിക്കൊണ്ടുപോയതായി അന്വേഷണത്തിൽ വെളിവായി. മുഹമ്മദ് സിദ്ദിഖ് പല സ്ഥലങ്ങളിലും കൊണ്ടുപോയി പീഡിപ്പിച്ചതായി ഫെമിന മൊഴി നൽകിയതിനെ തുടർന്ന് കേസിന്റെ വകുപ്പുകൾ മാറ്റി അന്വേഷണം നടത്തി മുഹമ്മദ് സിദ്ദിഖിനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. എന്നാൽ സിദ്ദിഖിന്റെ ഉമ്മ നൽകിയ habeas- corpus ഹർജിയിൽ തന്റെ മകനെ പോലീസ് മർദ്ദിച്ച് അവശനാക്കി കേസിൽ പ്രതിയാക്കി റിമാന്റ് ചെയ്തിരിക്കുന്നതായി പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ habeas-corpus ഹർജിയിൽ പറഞ്ഞിട്ടുള്ള പരാതികളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി മഞ്ചേരി ജില്ലാ ജഡ്ജിയെ ചുമതലപ്പെടുത്തുകയും, സിദ്ദിഖിനെതിരെ പോലീസ് എടുത്ത കേസിന്റെ അന്വേഷണം പുതിയ ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് നടത്തുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തു. അതുപ്രകാരം മലപ്പുറം നർക്കോട്ടിക്ക് സെൽ ഡിവൈ.എസ്.പി. ഇപ്പോൾ അന്വേഷണം ഏറ്റെടുത്ത് നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly